**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 262** **07-06-2021 - ൽ മറുപടിയ്ക്ക്**

**ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ | | **Smt Veena George**<br>**(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** | |
| (എ) | വനിതാ ശിശു വികസനം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് ആനുപാതികമായി ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികകൾ നിലവിൽ ഉണ്ടോ; | (എ) | കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം 25 അങ്കണവാടികൾക്ക് 1 സൂപ്പർവൈസർ എന്നത് പ്രകാരം കേരളത്തിലെ 33115 അങ്കണവാടികൾക്ക് ആനുപാതികമായി 1327 ഐ.സി.ഡി.എസ് സൂപ്പർവൈസർ തസ്തികകൾ വകുപ്പിൽ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിന് കഴിഞ്ഞ സർക്കാർ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; | (ബി) | ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് വിവിധ സംഘടനകൾ കാലാകാലങ്ങളിൽ സർക്കാരിലേയ്ക്ക് സമർപ്പിയ്ക്കുന്ന നിവേദനങ്ങൾ പരിശോധിച്ച് മറുപടി നൽകി വരുന്നു. ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കമ്മിറ്റിയെ നിയോഗിച്ചിട്ടില്ല . |
| (സി) | സംസ്ഥാനത്തെ അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | അംഗൻ വാടികളുടെ പ്രവർത്തടനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തെ അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ആധുനിക സൗകര്യങ്ങൾ ഉറപ്പാക്കി സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനോടൊപ്പം നിലവിലുള്ള അങ്കണവാടി കെട്ടിടങ്ങൾ ഘട്ടംഘട്ടമായി നവീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ